ഇപ്പോൾ വിദ്യാഭ്യാസവകുപ്പു മന്ത്രി എന്നുള്ള നിലയിലോ പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിലോ ഒരു നടപടിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല. കാരണം ജില്ലാ പഞ്ചായത്തിനെ ഏല്പിച്ചിരിക്കുകയാണ്. ഈ ജോലി മുഴുവൻ അതായത് കെട്ടിടങ്ങളുടെ പണി മുഴുവൻ ജില്ലാ പഞ്ചായത്താണ് ചെയ്യേണ്ടത്. ഇപ്പോൾ ഗവൺമെന്റിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽനിന്നും ഒരു വർക്ക് അറേയ്ഞ്ച് ചെയ്താൽ ഒരു പൈസയും കൊടുക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നില്ല, നിയമസഭ പാസ്സാക്കിയ നിയമം അനുവദിക്കുന്നില്ല. അതുകൊണ്ട് ആകെ ചെയ്യാവുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അധികൃതരോട് അഭ്യർത്ഥിക്കാം എന്നത് മാത്രമാണ്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. 26 കൊല്ലമായിട്ടുള്ള പ്രശ്നങ്ങളാണ്, പുതിയ വിഷയമല്ല. മോട്ടോർ പമ്പ് വളരെക്കാലമായി കേടാണ്. അധികാരം വിട്ടുകൊടുക്കുന്നതിന് മുമ്പേ പമ്പ് കേടായിരുന്നു. അന്ന് നന്നാക്കാൻ പറ്റിയിട്ടില്ല. ആ പമ്പ് മാറ്റുക. അറ്റകുറ്റപ്പണികൾ നടത്തുക. ഈ കാര്യങ്ങളൊക്കെ ചെയ്യണമെന്ന് ജില്ലാ പഞ്ചായത്തിനോട് പ്രത്യേകമായി അഭ്യർത്ഥന നടത്താം. അതല്ലാതെ നിയമമനുസരിച്ച് മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ല. അധികാരവികേന്ദ്രീകരണം വഴി വിട്ടുകൊടുത്ത സ്ഥാപനമാണ് സ്കൂൾ കെട്ടിടങ്ങൾ. ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് ഇവിടെ ഒരു കാര്യം പറയുമ്പോൾ അത് ചെയ്ത് കൊടുക്കേണ്ടതാണ്. വളരെ അത്യാവശ്യമുള്ളതാണ്. നിയമപരമായി ചെയ്യാൻ കഴിയാത്തതുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയോട് പ്രത്യേകം പറയുന്നതാണ്. അദ്ദേഹം ജില്ലാ പഞ്ചായത്തിന്റെ ആൾക്കാരെ വിളിച്ച് പറയുന്നതിന് പ്രത്യേകം ഏർപ്പാട് ചെയ്യും. ഞാനും ഇതിനെക്കുറിച്ച് പറയാം.

(5) കടലോരത്ത് വീട് നിർമ്മിക്കുന്നതിന് നിലവിലുള്ള നിയമതടസ്സം

ശ്രീ. പി. വിശ്വൻ : സർ, കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ നേരിടുന്ന ഗുരുതരമായ ചില പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരമാലകൾ താണ്ടി പടിഞ്ഞാറോട്ട് പോകുന്ന മത്സ്യത്തൊഴിലാളികൾ കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്നവരാണ്. നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇന്ന് തീരദേശസംരക്ഷണ നിയമത്തിന്റെ ഭാഗമായി വീടുണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്നു. 50 മീറ്ററിനുള്ളിൽ നിലവിലുള്ള വീട് തകർന്നു കഴിഞ്ഞാൽ അതിനുപകരം മറ്റൊരു വീടുണ്ടാക്കാൻ കഴിയുന്നില്ല. ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വീടുണ്ടാക്കാൻ പെർമിഷൻ കൊടുക്കും. പക്ഷേ, വീട് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിന് നമ്പർ കൊടുക്കാൻ കഴിയുന്നില്ല. ആ സ്ഥിതി വിശേഷത്തിൽ റേഷൻ കാർഡ് ലഭിക്കുന്നില്ല. അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കൊയിലാണ്ടി മണ്ഡലത്തിൽ മാത്രമല്ല കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഈ നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് കടലിൽപ്പെട്ട് മരിച്ചാലും തരക്കേടില്ല എന്നുള്ള ചിന്തയിൽ വന്നിരിക്കുകയാണ്. അടിയന്തിരമായും സർക്കാർ ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ച് നിലവിൽ വീടില്ലാത്ത കുടുംബങ്ങൾക്കും ഉള്ള വീട് തകർന്നവർക്ക് പുതിയതായി വീട് ഉണ്ടാക്കാനും പുതിയ വീട് അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ഇത് ഗുരുതരമായ ഒരു വിഷയമായി എടുക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, നിലവിലുള്ള തീരദേശസംരക്ഷണ നിയമപ്രകാരം കടലോരത്ത് വീട് നിർമ്മിക്കാൻ അനുവാദം ലഭിക്കാത്ത പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാൽ കടലോരത്ത് വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് തീരദേശനിയമം CRZ-അനുസരിച്ച് ചില നിയന്ത്രണങ്ങളും നിബന്ധനകളുമുണ്ട്. ഈ നിയമം കേന്ദ്രസർക്കാരാണ് പ്രാബല്യത്തിൽ വരുത്തിയത്. സംസ്ഥാനത്ത് സമുദ്രതീര പ്രദേശങ്ങളിൽ വേലിയേറ്റ സമുദ്രനിരപ്പിൽ നിന്നും 500 മീറ്റർ അകലം വരെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സുപ്രീംകോടതിയുടെ 12-12-1994-ലെ വിധിയിലൂടെ നിരോധിച്ചിട്ടുമുണ്ട്. തീരദേശസംരക്ഷണ നിയമത്തിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തിന് ഹാനികരമാണെന്നും ആയതിനാൽ കേന്ദ്രഗവൺമെന്റ് നിയമം ഭേദഗതി ചെയ്യണമെന്നും സംസ്ഥാന സർക്കാർ 1997-ൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് നിയമിക്കപ്പെട്ട പ്രൊഫസർ എൻ. ബാലകൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. കേന്ദ്രസർക്കാർ 1999 ആഗസ്റ്റ് 5-ന് തീരദേശവാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് ചില ഇളവുകൾ പ്രഖ്യാപിച്ച് ഒരു കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതിൻമേൽ സംസ്ഥാനസർക്കാർ ചില പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാന സർക്കാരുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽനിന്നും കേന്ദ്ര സർക്കാരിന് ലഭിച്ച നിർദ്ദേശങ്ങളുടെയും ആക്ഷേപങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു അന്തിമവിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ തീരദേശവാസികൾക്ക് വീടുകൾ നിർമ്മിക്കാൻ കൂടുതൽ ഇളവുകൾ ലഭിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

(6) തൃശ്ശൂർ നഗരത്തിലെ മാലിന്യ സംസ്ക്കരണ പദ്ധതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂരിലെ ലാലൂർ പ്രദേശത്തെ മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. തൃശ്ശൂർ മുനിസിപ്പാലിറ്റി അത് ടെണ്ടർ ചെയ്ത് ഓപ്പൽ എന്ന കമ്പനിക്ക് നൽകി. അത് അംഗീകാരത്തിനുവേണ്ടി സർക്കാരിലേയ്ക്ക് അയച്ചപ്പോൾ ചില തടസ്സങ്ങൾ പറഞ്ഞ് വീണ്ടും റീടെണ്ടറിന് നിർദ്ദേശം കൊടുത്തു. റീടെണ്ടർ വച്ചുവെങ്കിലും പ്രശ്നപരിഹാരം നീണ്ടുപോയിരിക്കുകയാണ്. നിശ്ചിത കാലാവധിക്കുള്ളിൽ മാലിന്യ സംസ്ക്കരണ നടപടികൾ ഏർപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിൽ പ്രതിഷേധിച്ച് തദ്ദേശവാസികൾ ദിവസങ്ങളായി അവിടെ സമരത്തിലാണ്. മാലിന്യ സംസ്ക്കരണത്തിന് വ്യക്തമായ ശാസ്ത്രീയമായ ഒരു ഏകീകൃത പദ്ധതിയില്ല എന്നതാണ് സത്യം. പല ഏജൻസികളും പല പദ്ധതികളുമായി വരുന്നു. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് സംശയങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് ആ പദ്ധതി നടപ്പിൽ വരുത്തുന്നതിന് കാലതാമസം വരികയാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ വിദഗ്ദ്ധൻമാരെക്കൊണ്ട് മാലിന്യ സംസ്ക്കരണത്തിനുള്ള ശാസ്ത്രീയമായ ഒരു പദ്ധതി ആവിഷ്കരിച്ച്, തൃശ്ശൂരിലെ ലാലൂരിൽ ഉടനടി നടപ്പിൽ വരുത്താൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly